# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5115** **15.11.2019 ൽ മറുപടിയ്ക്ക്**

## അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ട്

**ചോദ്യം**

**ശ്രീ.ബി.ഡി. ദേവസ്സി**

**ഉത്തരം**

**ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)**

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിൽ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി വനം, പട്ടികവർഗ്ഗക്ഷേമം, ടൂറിസം, കൃഷി വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടും റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയും അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ട് യാഥാർത്ഥ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അതിരപ്പിള്ളി ആദിവാസി മേഖലയിലെ കർഷകരുടെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, വിപണനത്തിനും, ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും, കാർഷിക മേഖലയിൽ വിവിധ ഇടപെടലുകൾ നടത്തി, അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ടിന് പദ്ധതി ചെലവായി 952.57 ലക്ഷം രൂപയാണ് 3 വർഷത്തേയ്ക്ക് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 13 ഘടകങ്ങൾ ഉൾപ്പെടുത്തി 8.46 കോടി രൂപയുടെ 3 വർഷത്തേക്ക് നടപ്പാക്കുന്ന സമഗ്രമായ ഒരു പ്രോജക്ട്, റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (RKI) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ ഈ മേഖലയിലെ കർഷകരുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണനം നടത്തുന്നതിനും, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം, ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന പദ്ധതി രേഖ കേന്ദ്രഗവൺമെന്റ് പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിന് കേന്ദ്രഗവൺമെന്റ് ഏജൻസിയായ ട്രൈഫെഡ് (TRIFED)- ന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ട്രൈഫെഡ് (TRIFED)- ന്റെ രാജ്യത്താകമാനമുള്ള വിവിധ ഔട്ട്ലെറ്റുകൾ വഴി അതിരപ്പിള്ളി ട്രൈബൽ മേഖലയിലെ കർഷകരുടെ ഉല്പന്നങ്ങൾ വിതരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഇതിനുപരിയായി കേന്ദ്രസർക്കാർ പദ്ധതിയായ

പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 9 ക്ലസ്റ്ററുകൾ അതിരപ്പള്ളി ട്രൈബൽവാലി പ്രോജക്ട് ഏരിയയിൽ നൽകുന്നതിന് തീരുമാനിക്കുകയും 9 ക്ലസ്റ്റർ (180 ഹെക്ടർ) അനുവദിക്കുകയും ചെയ്തു. പദ്ധതിയുടെ ഒന്നാം വർഷം പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 27.26973 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**